# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 11 ഞായർ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## കളക്ടറേറ്റിൽ കളക്ഷൻ സെന്റർ ആരംഭിച്ചു: ദുരിതബാധിതർക്ക് ആശ്വാസമായി സഹായങ്ങൾ എത്തിതുടങ്ങി

പ്രളയത്തിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനായി ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ആവശ്യസാധന കളക്ഷൻ സെന്ററിലേക്ക് സഹായങ്ങൾ എത്തിതുടങ്ങി. ഞായറാഴ്ച കളക്ട്രേറ്റ് ബാർ അസോസിയേഷൻ ഹാളിലും അയ്യന്തോൾ വനിതാ ഇൻഡോർ സ്റ്റേഡിയത്തിലുമായി സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ചത്. കഴിഞ്ഞ പ്രളയകാലത്തെന്നപ്പോലെ ഇപ്രാവശ്യവും നിരവധികോണുകളിൽനിന്നാണ് ഇവിടേക്ക് സഹായമെത്തുന്നത്.

വൈകുന്നേരത്തോടെ തന്നെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്ന് വിവിധ അവശ്യ വസ്തുക്കൾ ഇവിടേയ്ക്കെത്തി. കേന്ദ്രം തുറന്ന് 24 മണിക്കൂറിനുള്ളിൽ 3719 പാക്കറ്റ് ബിസ്ക്കറ്റ്, 325 കിലോ അരി, 1867 കുടിവെള്ള പാക്കറ്റുകൾ 423 സാനിറ്ററി നാപ്കിനുകൾ ഉൾപ്പടെയുള്ള ഇവിടേയ്ക്കെത്തി. ഇവയ്ക്കു പുറമേ കുട്ടികൾക്കുള്ള ഡയപ്പറുകൾ, സോപ്പ്, ഡെറ്റോൾ, പഞ്ചസാര, പരിപ്പ്, മെഴുകുതിരി, തുണിത്തരങ്ങൾ, ബ്രഷ്, ടൂത്ത് പേസ്റ്റ്, പുതപ്പുകൾ, ടോർച്ചുകൾ ഉൾപ്പടെയുള്ള ആവശ്യ സാധനങ്ങളും കേന്ദ്രത്തിലേക്കെത്തുന്നുണ്ട്. ഇവിടെ ശേഖരിക്കുന്ന സാധനങ്ങൾ ആവശ്യാനുസരണം താലൂക്കുകളിലെ വിവിധ ദുരിതാശ്വാസ കേന്ദ്രങ്ങളിലെത്തിക്കുന്നതിനുള്ള സൗകര്യമാണ് നിലവിൽ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഒരുക്കിയിരിക്കുന്നത്.

ദുരിതബാധിതർക്ക് സഹായമെത്തിക്കാൻ ആഗ്രഹിക്കുന്നവർക്ക് ബാർ അസോസിയേഷൻ ഹാളിലോ, വനിതാ ഇൻഡോർ സ്റ്റേഡിയത്തിലോ നേരിട്ട് സാധനങ്ങൾ എത്തിക്കാം. ഡെപ്യൂട്ടി കളക്ടർ എൽഎ, എൻഎച്ച്ഡിപി യുടെ മേൽനോട്ടത്തിലാണ് കളക്ഷൻ സെന്ററിലെ പ്രവർത്തനങ്ങൾ എകോപനം നിർവഹിക്കുന്നത്. സ്പെഷ്യൽ തഹസിൽദാരുൾപ്പടെയുള്ള ഉദ്യോഗസ്ഥരെയും ഇവിടെ നിയോഗിച്ചിട്ടുണ്ട്. സന്നദ്ധസംഘടനകളുടെ പൊതുവേദിയായ ഇന്റർ ഏജൻസി ഗ്രൂപ്പിന്റെ വളണ്ടിയർമാരാണ് ഇവിടെയെത്തുന്ന വസ്തുക്കൾ തരംതിരിക്കുന്നതും ക്യാമ്പുകളിലേക്ക് എത്തിക്കാനുള്ള സംവിധാനം ഒരുക്കുന്നതും. ബാർ അസോസിയേഷൻ ഹാളിലെ സംഭരണ പരിധി കടന്നാൽ സഹായമായി വരുന്ന സാധനങ്ങൾ ഇൻഡോർ സ്റ്റേഡിയത്തിലേക്ക് മാറ്റുംവിധമുള്ള സജ്ജീകരണമാണ് ഒരുക്കിയിരിക്കുന്നത്. സഹായങ്ങൾ എത്തിക്കാൻ താൽപ്പര്യമുള്ളവർക്ക് കളക്ട്രേറ്റിലെ കളക്ഷൻ സെന്ററിലേക്ക് ഇവ നേരിട്ടെത്തിക്കാം. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് 9495467296 (ഡെപ്യൂട്ടി കളക്ടർ എൽഎ, എൻഎച്ച്ഡിപി), 9495602898 (സ്പെഷ്യൽ തഹസിൽദാർ) എന്നീ നമ്പറുകളിൽ ബന്ധപ്പെടുക. കളക്ഷൻ സെന്റർ ജില്ലാ കളക്ടർ എസ് ഷാനവാസ് സന്ദർശിച്ചു. അവശ്യസാധനങ്ങളുടെ ലിസ്റ്റും ശേഖരിക്കേണ്ട വിധവുമെല്ലാം അദ്ദേഹം ഉദ്യോഗസ്ഥരോട് വിശദീകരിച്ചു.

## പൊരിങ്ങൽക്കുത്ത് ഡാമിൽ ജലനിരപ്പ് കുറഞ്ഞു; ക്രസ്റ്റ് ഗേറ്റിലൂടെ ജലം ഒഴുക്ക് നിലച്ചു

പൊരിങ്ങൽക്കുത്ത് ഡാമിൽ നീരൊഴുക്ക് കുറഞ്ഞതിനെ തുടർന്ന് ജലനിരപ്പ് കുറഞ്ഞു. ഇതോടെ ഡാമിന്റെ ഏഴ് ക്രസ്റ്റ് ഗേറ്റുകളിലൂടെയും ചാലക്കുടി പുഴയിലേക്ക് ജലം ഒഴുകിയിരുന്നത് നിലച്ചു. നിലവിൽ ഡാമിന്റെ നാല് സ്ലൂയിസ് ഗേറ്റുകളിൽ രണ്ടെണ്ണത്തിലൂടെ മാത്രമാണ് ജലം പുഴയിലേക്ക് ഒഴുകുന്നത്. ഞായറാഴ്ച വൈകീട്ട് ആറ് മണിക്ക് ഡാമിൽ സംഭരണ ശേഷിയുടെ 58.6 ശതമാനം മാത്രം ജലമാണുള്ളത്. ഡാമിന്റെ ഇപ്പോഴത്തെ ജലനിരപ്പ് 418.95 മീറ്ററാണ്. ഞായറാഴ്ച ഉച്ച രണ്ട് മണിയോടെയാണ് ക്രസ്റ്റ് ഗേറ്റുകളിലൂടെയുള്ള ജലമൊഴുക്ക് നിലച്ചത്.

ഡാമിന്റെ ഏഴ് ക്രസ്റ്റ് ഗേറ്റുകളും ഏറ്റവും താഴത്തെ നിലയിൽ ക്രമീകരിച്ചിരിക്കുകയാണ്. ഡാമിലേക്ക് ഒഴുകിയെത്തുന്ന വെള്ളം നേരെ അതേ അളവിൽ ചാലക്കുടി പുഴയിലേക്ക് ഒഴുകിപ്പോവാൻ അനുവദിക്കുകയാണ്. ഡാമിൽ വെള്ളം സംഭരിക്കുന്നില്ല. ഡാമിലേക്ക് വൃഷ്ടി പ്രദേശത്തു നിന്നുള്ള നീരൊഴുക്ക് കുറഞ്ഞിട്ടുണ്ട്. രണ്ടു ദിവസം മുമ്പത്തെ അപേക്ഷിച്ച് നാലിലൊന്ന് മാത്രമേ നീരൊഴുക്കുള്ളൂ. ഡാമിന്റെ പൂർണ സംഭരണ ശേഷി 424 മീറ്ററാണ്. 267.68 ക്യൂമെക്സ് ജലമാണ് ഡാമിലേക്കുള്ള നീരൊഴുക്ക് സ്ലൂയിസ് ഗേറ്റിലൂടെ 353.08 ക്യൂമെക്സ് ജല മാണ് ഒഴുക്കി വിടുന്നത്.

തമിഴ്നാട് ഷോളയാർ ഡാം നിലവിൽ പൂർണ സംഭരണ ശേഷിയിലാണെങ്കിലും അധിക ജലം തമിഴ്നാടിന്റെ തന്നെ പറമ്പിക്കുളം ഡാമിലേക്ക് ഒഴുക്കുകയാണ്. കേരള ഷോളയാറിലേക്ക് ഒഴുക്കുന്നില്ല. കേരള ഷോളയാറിൽ നിലവിൽ സംഭരണ ശേഷിയുടെ 49.2 ശതമാനം മാത്രമാണ് ജലമുള്ളത്. കേരള ഷോളയാർ തുറന്നാൽ മാത്രമാണ് ആ ജലം പെരിങ്ങൽക്കുത്തിലേക്ക് ഒഴുകിയെത്തുക.

പെരിങ്ങൽക്കുത്തിലേക്ക് നീരൊഴുക്ക് കുറഞ്ഞാൽ ഇപ്പോൾ തുറന്ന രണ്ട് സ്ലൂയിസ് ഗേറ്റുകളും അടക്കുമെന്ന് കെ.എസ്.ഇ.ബി അധികൃതർ അറിയിച്ചു. ഡാമിൽനിന്നുള്ള വൈദ്യുതി ഉപയോഗിച്ച് രണ്ട് പവർ ഹൗസുകളിലും പൂർണതോതിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്നുണ്ട്.
(പടം, വീഡിയോ ഉണ്ട്)

## ആറ് വീടുകൾ തകർന്നു; ക്യാമ്പുകളിൽ 42176 പേർ

ജില്ലയിൽ മഴയിലും കാറ്റിലും ഞായാറാഴ്ച ഒരു വീട് പൂർണ്ണമായും അഞ്ച് വീട് ഭാഗിക മായും തകർന്നു. പലയിടത്തും വെള്ളക്കെട്ട് തുടരുന്നു.ജില്ലയിൽ ഏഴു താലൂക്കുകളിലായി ഇതേ വരെ 251 ക്യാംപുകൾ തുറന്നു. 12590 കുടുംബങ്ങളിലായി 42176 പേരാണ് ക്യാമ്പിൽ കഴിയുന്നത്. ഇതിൽ 16646 പുരുഷന്മാരും 18098 സ്ത്രീകളും 7432 കുട്ടികളുമുണ്ട്. ഏറ്റവും കൂടുതൽ ക്യാമ്പുകൾ ഉള്ളത് തൃശൂർ താലൂക്കിലാണ്. 73 എണ്ണം. 10 ക്യാമ്പുകളുള്ള കുന്നംകുളം താലൂക്കിലാണ് ഏറ്റവും കുറവ് ആളുകളുള്ളത്.

താലൂക്കുകളിലെ ക്യാമ്പുകൾ, കുടുംബങ്ങൾ, ആകെ അന്തേവാസികൾ എന്ന ക്രമത്തിൽ ചുവടെ. തൃശൂർ: 73, 2880, 9006. തലപ്പിള്ളി: 16, 278, 851. മുകുന്ദപുരം: 48, 2373, 7557. കൊടുങ്ങല്ലൂർ: 45, 3122, 10286 ചാവക്കാട്: 25, 1549, 4786. ചാലക്കുടി: 34, 2278, 7927. കുന്നംകുളം: 10, 110, 1763.

## തൃശൂർ ഗവ. മെഡിക്കൽ കോളേജ് സംഘം വയനാട്ടിലേക്ക് പുറപ്പെട്ടു

മഴയും മണ്ണിടിച്ചിലും നാശം വിതച്ച വയനാട്ടിലെ പ്രദേശങ്ങളിലേക്ക് ആരോഗ്യ മന്ത്രിയുടെ നിർദ്ദേശപ്രകാരം തൃശൂർ ഗവ. മെഡിക്കൽ കോളജിൽ നിന്നും പ്രത്യേക മെഡിക്കൽ സംഘം പുറപ്പെട്ടു. ആരോഗ്യ പരിരക്ഷ എത്തിക്കാൻ ബുദ്ധിമുട്ട് നേരിടുന്ന പ്രദേശങ്ങളിലേക്ക് കടന്ന് ചെന്ന് ജീവൻ രക്ഷ ഉറപ്പ് വരുത്തുക എന്നതാണ് ദൗത്യസേനയുടെ ചുമതല. കഴിഞ്ഞ വർഷത്തെ പ്രളയകാലത്ത് തൃശ്ശൂർ, എറണാകുളം ജില്ലകളിൽ രക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ അഞ്ചംഗ മെഡിക്കൽ സംഘമാണ് ഈ വർഷം വയനാട്ടിലേക്ക് തിരിച്ചിരിക്കുന്നത്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ ഡോ. മുഹമ്മദ് അഷീലിന്റെ നേതൃത്വത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലെ സർജറി വിഭാഗം പ്രൊഫ. ഡോ

സി രവീന്ദ്രൻ, മാനസിക രോഗ വിദഗ്ദ്ധൻ ഡോ. സുമേഷ്, ശിശുരോഗ വിദഗ്ദ്ധൻ ഡോ. രാഹുൽ യു ആർ, ക്രിറ്റിക്കൽ കെയർ വിദഗ്ദ്ധൻ ഡോ. രൺദീപ് എന്നിവരാണ് മെഡിക്കൽ സംഘത്തിലുള്ളത്. രക്ഷാപ്രവർത്തനത്തിന് സഹായത്തിനായി തൃശൂർ എലിഫന്റ് റസ്ക്യൂ സ്ക്വാഡിലെ ആറംഗ സംഘവും കൂടെയുണ്ട്.

## പ്രളയം: ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് 500 വളണ്ടിയർമാർ

പ്രളയാന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ ഭരണകൂടത്തിൻെറ നേതൃത്വത്തിൽ ജില്ലയിൽ 500 അംഗ ഇന്റർ ഏജൻസി വളണ്ടിയർ ഗ്രൂപ്പ് രൂപീകരിച്ചു. ജില്ലാ കളക്ടറുടെ ആഹ്വാനമനുസരിച്ചാണ് ജില്ലയിലെ 500 ഓളം വരുന്ന യുവതീ യുവാക്കൾ കഴിഞ്ഞ രണ്ടുദിവസങ്ങളിലായി സന്നദ്ധപ്രവർത്തകരായി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചത്. വ്യക്തിഗത തലത്തിലും സന്നദ്ധസംഘടനകൾ എന്ന നിലയിലുമാണ് ഇത്രയും പേർ രജിസ്റ്റർ ചെയ്തത്. ജില്ലയിലെ എഴു താലൂക്കുകളിലുമുള്ള മുഴുവൻ ദുരിതാശ്വാസ ക്യാമ്പുകളിലുമായി ഇവരെ വിന്യസിക്കും. ദുരിതാശ്വാസ ക്യാമ്പുകളുടെ വിവരങ്ങൾ, അംഗങ്ങൾ, അവരുടെ വിവരങ്ങൾ ഉൾപ്പടെയുള്ളവ കൃത്യമായി ശേഖരിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുക എന്നതാണ് ആദ്യഘട്ടത്തിലെ ഇവരുടെ ചുമതല. രജിസ്ട്രേഷൻെറ ആദ്യദിനം 100 പേരും രണ്ടാംദിനം 400 ഓളം പേരുമാണ് ജില്ലയിലെ വിവിധ ഭാഗങ്ങളിൽനിന്നായി സന്നദ്ധപ്രവർത്തനത്തിന് തയ്യാറായി രംഗത്തുവന്നത്. നിലവിൽ രജിസ്റ്റർ ചെയ്ത 500 പേർക്ക് ജില്ലാ ഭരണകൂടം സന്നദ്ധപ്രവർത്തകർക്കായുള്ള തിരിച്ചറിയൽ കാർഡ് നൽകി ബന്ധപ്പെട്ട ക്യാമ്പിലേക്ക് അയയ്ക്കും. താലൂക്ക് തലത്തിൽ ആവശ്യമെങ്കിൽ സന്നദ്ധപ്രവർത്തകരുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കാനാണ് ജില്ലാ ഭരണകൂടത്തിൻെറ ആലോചന. രജിസ്റ്റർ ചെയ്ത മുഴുവൻപേർക്കും രണ്ടു ദിവസത്തിനുള്ളിൽ തിരിച്ചറിയൽ കാർഡ് വിതരണം പൂർത്തിയാക്കും. ഈ സന്നദ്ധപ്രവർത്തകർ വില്ലേജ് ഓഫീസർമാർ മുമ്പാകെയാണ് ക്യാമ്പുകളിൽ പ്രവർത്തനം ആരംഭിക്കുന്നതിന് റിപ്പോർട്ട് ചെയ്യേണ്ടത്. വില്ലേജ് ഓഫീസറുടെയും ക്യാമ്പ് ഓഫീസറുടെയും അനുമതിയോടുകൂടിയായിരിക്കും ഇവരുടെ പ്രവർത്തനം. ജില്ലയിൽ ഡിസാസ്റ്റർ മാനേജ്മെൻെറ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർക്കാണ് ഇവരുടെ പ്രവർത്തനങ്ങളുടെ എകോപന ചുമതല. ഇവരുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യം ഒരുക്കുന്നതിനാവശ്യമായ നിർദേശങ്ങൾ തഹസിൽദാർമാർ ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് നൽകും. വരും ദിവസങ്ങളിൽ നിലവിലെ ചുമതലയ്ക്ക് പുറമേ ആവശ്യമെങ്കിൽ മറ്റ് പ്രവർത്തനങ്ങൾക്കും ഈ സന്നദ്ധപ്രവർത്തകരുടെ സേവനം ജില്ലാ ഭരണകൂടം ഉപയോഗപ്പെടുത്തും.

## പകർച്ചവ്യാധികൾക്കെതിരെ ജാഗ്രത വേണം: ജില്ലാ മെഡിക്കൽ ഓഫീസർ

പ്രളയബാധിത പ്രദേശങ്ങളിൽ നിലവിലുള്ള ദുരിതാശ്വാസ ക്യാമ്പുകളിൽ പകർച്ചവ്യാധികൾ പകരുന്നത് തടയുന്നതിനായി ജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിൽ ഇനി പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം: തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക, പൈപ്പ് വെള്ളമായാലും തിളപ്പിച്ചതിന് ശേഷം കുടിക്കുക, തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം ഒഴിവാക്കുക, ആഹാരത്തിനു മുമ്പും ശൗചാലയം ഉപയോഗിച്ചതിനു ശേഷവും കൈകൾ സോപുപയോഗിച്ച് വൃത്തിയായി കഴുക്കുക, പാത്രം കഴുകുന്നതിനും ക്ലോറിനേറ്റ് ചെയ്ത വെള്ളം ഉപയോഗിക്കുക, പഴകിയതും തുറന്ന് വച്ചതുമായ ആഹാര സാധനങ്ങൾ കഴിക്കാതിരിക്കുക, ആഹാരസാധനങ്ങൾ ഈച്ചകൾ കടക്കാത്ത വിധം മൂടിവെയ്ക്കുക, വയറിളക്കമുണ്ടായാൽ ഒആർഎസ് ലായനി കുടിക്കുക, മലിനജലവുമായി സമ്പർക്കമുണ്ടായാൽ ആരോഗ്യ പ്രവർത്തകർ നൽകുന്ന എലിപ്പനിക്കുള്ള പ്രതിരോധ ഗുളികകൾ കഴിക്കുക, പനിയുണ്ടാകുമ്പോൾ സ്വയം ചികിത്സ ഒഴിവാക്കുക തുടങ്ങിയ കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത്.

വൈറൽപനി, ചിക്കൻപോക്സ് മറ്റു പകർച്ചവ്യാധികൾ എന്നിവ തടയുന്നതിനായി തുമ്മുമ്പോഴും ചുമക്കുമ്പോഴും വായയും മൂക്കും തൂവാലയുപയോഗിച്ച് മറയ്ക്കണം. കൊതുകുകടി ഏൽക്കാതിരിക്കുവാൻ ശ്രദ്ധിക്കണം. പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം തുടങ്ങിയ അസുഖങ്ങൾക്ക് സ്ഥിരമായി മരുന്ന് കഴിക്കുന്നവർ അത് മുടക്കരുത്. മാലിന്യങ്ങൾ വൃത്തിയായി

ചാക്കിൽകെട്ടി മഴ നനയാതെ സൂക്ഷിക്കണം. ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും ഡിഎംഒ അഭ്യർത്ഥിച്ചു.

## പഞ്ചായത്ത് വകുപ്പ് 24 മണിക്കൂറും പ്രവർത്തിക്കും

പഞ്ചായത്ത് വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളും 24 മണിക്കൂറും തുറന്നു പ്രവർത്തിപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകി. ഇതുമായി ബന്ധപ്പെട്ട ആവശ്യമായ നിർദ്ദേശം ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നൽകാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകി.

## തകർന്ന കെട്ടിടം ജില്ലാ കളക്ടർ സന്ദർശിച്ചു

തൃശൂർ പഴയ മുനിസിപ്പാലിറ്റിയുടെ കീഴിൽ നിർമ്മിച്ച ഏറ്റവും പഴക്കമുള്ള കെട്ടിടത്തിന്റെ ഒരു ഭാഗം ഇടിഞ്ഞു വീണ സ്ഥലം ജില്ലാ കളക്ടർ എസ് ഷാനവാസ് സന്ദർശിച്ചു. കഴിഞ്ഞ ദിവസം പെയ്ത അതിശക്തമായ മഴയിലാണ് കെട്ടിടം വീണത്. കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ പ്രവർത്തിക്കാതിരിക്കാനും കെട്ടിടത്തിന്റെ അപകടാവസ്ഥയിലുള്ള ഭാഗങ്ങൾ പൊളിച്ച് നീക്കം ചെയ്യാനും രാത്രികാലങ്ങളിൽ കെട്ടിടത്തിന്റെ സമീപത്തായി ഉറങ്ങുന്നവരെ ഒഴിപ്പിക്കാനും ജില്ലാ കളക്ടർ നിർദ്ദേശം നൽകി. കൂടാതെ ജനങ്ങൾക്കും വാഹനങ്ങൾക്കും തടസ്സമായി നിൽക്കുന്ന വൈദ്യുതി കമ്പികൾ, കേബിളുകൾ തുടങ്ങിയവ നീക്കം ചെയ്യാനും എത്രയും പെട്ടെന്ന് തൃശൂർ കോർപ്പറേഷൻ പരിധിയിൽ അപകടാവസ്ഥയിലുള്ള 125 കെട്ടിടങ്ങൾക്ക് മെമ്മോ നൽകുവാനും നിർദ്ദേശിച്ചു. മേയർ അജിത വിജയൻ, ഡെപ്യൂട്ടി കളക്ടർ എം ബി ഗിരിഷ്, എസിപി വി കെ രാജു, തഹസിൽദാർ സുരേഷ് കുമാർ, ഡെപ്യൂട്ടി മേയർ റാഫി പി ജോസ് തുടങ്ങിയവർ സന്നിഹിതരായി.

## വെള്ളം നിറയ്ക്കണം

തൃശൂർ ജില്ലയിലെ കോൾ ചാലുകളിൽ നിന്ന് പടവുകളിലേക്ക് വെള്ളം കയറ്റാതിരിക്കുന്നതിനാൽ ജനസാന്ദ്രതയുള്ള മേഖലയിലേക്ക് വെള്ളം അനിയന്ത്രിതമായി കയറുന്ന സാഹചര്യം നിലവിലുള്ളതായി തൃശൂർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഇതു തടയുന്നതിനായി പരമാവധി വെള്ളം കോൾ പടവുകളിലേക്ക് കയറ്റി നിറുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കർഷകരോട് അഭ്യർഥിച്ചു.

## ജില്ലയിലെ ഡാമുകളുടെ ജലനിരപ്പ്

ജില്ലയിൽ ഡാമുകളുടെ ജലനിരപ്പ് പീച്ചി ഡാമിൽ 76.10 മീറ്റർ, വാഴാനി 57.21 മീറ്റർ, ചിമ്മിനി 66.20 മീറ്റർ, പൊരിങ്ങൽകുത്ത് 419.55 മീറ്റർ, അസുരംകുണ്ട് 8.9 മീറ്റർ, പൂമല 27.41 മീറ്റർ, പത്താഴക്കുണ്ട് 10.6 മീറ്റർ.